**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5046** **11-08-2021 - ൽ മറുപടിയ്ക്ക്**

**മണ്ണെണ്ണ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട് എന്നീ അഞ്ച് ജില്ലകൾക്കായി മണ്ണെണ്ണ വിതരണം പരിമിതപ്പെടുത്തിയ ഉത്തരവ് പുന:പരിശോധിച്ച് കേന്ദ്രത്തിൽ നിന്നും കൂടുതൽ മണ്ണെണ്ണ ലഭ്യമാക്കി എല്ലാ ജില്ലകളിലും മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (എ) | മത്സ്യബന്ധന പെർമിറ്റുകൾക്ക് അനുവദിച്ച നോൺ-സബ്സിഡി മണ്ണെണ്ണ മത്സ്യത്തൊഴിലാളികളുള്ള 9 തീരദേശ ജില്ലകളിലും വിതരണം ചെയ്തിരുന്നു. ശേഷിച്ച മണ്ണെണ്ണയാണ് കോട്ടയം, ഇടുക്കി, പത്തനംതിട്ട, പാലക്കാട്, വയനാട് ജില്ലകളിൽ വിതരണം ചെയ്തത്. |
| (ബി) | വൈദ്യുതി ഇല്ലാത്ത വീട്ടുകൾക്കുള്ള മണ്ണെണ്ണ വിതരണം നിലവിലുള്ള മൂന്ന് മാസത്തിന് എട്ട് ലിറ്റർ എന്നത് മുൻപുണ്ടായിരുന്ന ഒരു മാസം നാല് ലിറ്റർ എന്ന തോതിൽ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | 2021-22 സാമ്പത്തിക വർഷത്തിൽ കേന്ദ്രത്തിൽ നിന്നുള്ള മണ്ണെണ്ണയിൽ വന്ന ഗണ്യമായ കുറവ് ക്രമീകരിക്കുന്നതിനാണ് വൈദ്യുതീകരിക്കാത്ത വീട്ടുകൾക്ക് മൂന്ന് മാസത്തിൽ ഒരിക്കൽ 8 ലിറ്റർ എന്ന അളവിൽ വിതരണം പുന:ക്രമീകരിച്ചത്. കൂടാതെ മാസം തോറും 1/2 ലിറ്റർ വീതം AAY, PHH, NPS, NPNS എന്നീ വിഭാഗത്തിനും കുറവ് വരുത്തിയിരുന്നു AAY, PHH എന്നി കാർഡുകൾക്ക് മൂന്ന് മാസത്തിൽ ഒരിക്കൽ 1 ലിറ്റർ മണ്ണെണ്ണയും NPS, NPNS കാർഡുകൾക്ക് മൂന്ന് മാസത്തിൽ ഒരിക്കൽ 1/2 ലിറ്റർ മണ്ണെണ്ണയും ആണ് നിലവിൽ നൽകി വരുന്നത് |
| (സി) | പയറുവർഗ്ഗങ്ങൾ റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (സി) | സപ്ലൈകോ ഔട്ട് ലെറ്റുകൾ വഴി വിതരണം ചെയ്യുന്ന സബ്സിഡി ഭക്ഷ്യധാന്യങ്ങൾ റേഷൻ ഡിപ്പോകൾ വഴി വിതരണം നടത്തുന്നതിന് 27-07-2021 –ലെ ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പിന്റെ സ.ഉ(സാധാ)നം. 302/21/ഭ.പൊ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ഡി) | വിശപ്പുരഹിത കേരളം പദ്ധതി പ്രകാരമുള്ള സുഭിക്ഷ ഹോട്ടലുകൾ എല്ലാ പഞ്ചായത്തുകളിലും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | വിശപ്പുരഹിത കേരളം പദ്ധതി നിലവിൽ ആലപ്പുഴ ജില്ലയിലെ ചേർത്തല, അമ്പലപ്പുഴ താലൂക്കുകളിലും, തൃശ്ശൂർ ജില്ലയിൽ കുന്നംകുളം, പെരിഞ്ഞനം എന്നിവിടങ്ങളിലും കോട്ടയം ജില്ലയിൽ കോട്ടയം താലൂക്കിലും നടപ്പിലാക്കി വരുന്നു. തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിലും തിരുവനന്തപുരം ജില്ലയിൽ |

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം താലൂക്കിലും പദ്ധതി നടത്തിപ്പ് സംബന്ധിച്ച നടപടികൾ അവസാനഘട്ടത്തിലാണ്. ടി പദ്ധതി പ്രകാരം സുഭിക്ഷാ ഹോട്ടലുകൾ സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കുന്നതിനായി ഓരോ ജില്ലയിലും ഹോട്ടലുകൾ ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡ പ്രകാരം വിശദമായ പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ സപ്ലൈ ആഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സ്ഥലം കണ്ടെത്തുന്നപക്ഷം നിയോജകമണ്ഡലം അടിസ്ഥാനത്തിൽ സുഭിക്ഷ ഹോട്ടലുകൾ തുടങ്ങാനും പദ്ധതിയുണ്ട്. |

സെക്ഷൻ ഓഫീസർ